ഫെയ്സ്ബുക് ലോട്ടറി തട്ടിപ്പ്: സിംഗപ്പൂരിൽ 71കാരന് നഷ്ടമായത് ആയുഷ്കാല സമ്പാദ്യം

സിംഗപ്പൂർ: ഫെയ്സ്ബുക്കിലൂടെ പരിചയപ്പെട്ട വ്യാജ ലോട്ടറി സംഘത്തിന്റെ ചതിയിൽപ്പെട്ട് 71കാരനായ വയോധികന് നഷ്ടമായത് ആയുഷ്കാല സമ്പാദ്യമായ 16 ലക്ഷം രൂപ. സിംഗപ്പൂർ പൂൾസിന്റെ ഔദ്യോഗിക ലോട്ടറിയിൽ 2.2 കോടി രൂപ ജാക്ക്പോട്ട് സമ്മാനം വാഗ്ദാനം ചെയ്താണ് തട്ടിപ്പുസംഘം ഇയാളെ വലയിലാക്കിയത്. സംഭവത്തിൽ സിംഗപ്പൂർ പൊലീസ് അന്വേഷണം ആരംഭിച്ചു. ഓഗസ്റ്റ് അവസാനത്തോടെയാണ് യാങ് എന്ന് പേരുള്ള വയോധികൻ ഫെയ്സ്ബുക്കിൽ ഉയർന്ന സമ്മാനത്തുക വാഗ്ദാനം ചെയ്യുന്ന ലോട്ടറി പരസ്യം കാണുന്നത്. ആകാംക്ഷ മൂലം അതിൽ നൽകിയിരുന്ന നമ്പറിലേക്ക് വിളിച്ചെങ്കിലും ആദ്യം കണക്ട് ആയില്ല. എന്നാൽ ദിവസങ്ങൾക്ക് ശേഷം സെപ്തംബർ ആദ്യവാരം തട്ടിപ്പുകാർ ഇയാളെ തിരികെ വിളിക്കുകയായിരുന്നു.

ലോട്ടറി നടത്തുന്ന സിംഗപ്പൂർ പൂൾസിൽ തങ്ങൾക്ക് ഉന്നത ബന്ധങ്ങളുണ്ടെന്നും നറുക്കെടുപ്പിന് മുൻപ് തന്നെ ജയിക്കുന്ന നമ്പറുകൾ ചോർത്തി നൽകാൻ സാധിക്കുമെന്നും സംഘം ഇയാളെ വിശ്വസിപ്പിച്ചു. അക്കൗണ്ട് തുടങ്ങാനും അഞ്ച് സെറ്റ് ലോട്ടറി നമ്പറുകൾക്കുമായി ആദ്യഘട്ടത്തിൽ 1000 സിംഗപ്പൂർ ഡോളറാണ് സംഘം ആവശ്യപ്പെട്ടത്. സെപ്തംബർ 5ന് നടന്ന നറുക്കെടുപ്പിൽ പക്ഷേ ഈ നമ്പറുകൾക്കൊന്നും സമ്മാനം ലഭിച്ചില്ല. ഇതോടെ മിസ്റ്റർ യാങ് തട്ടിപ്പുകാരെ ബന്ധപ്പെട്ടപ്പോൾ, സാങ്കേതിക പിഴവ് സംഭവിച്ചതാണെന്നും യഥാർത്ഥത്തിൽ ഇയാൾക്ക് ഒന്നാം സമ്മാനമായ 2.2 കോടി രൂപ ലഭിച്ചിട്ടുണ്ടെന്നും പറഞ്ഞ് വീണ്ടും വഞ്ചിച്ചു. വിശ്വസിപ്പിക്കാനായി 3,000,000 സിംഗപ്പൂർ ഡോളറിന്റെ വ്യാജ ചെക്കിന്റെ ചിത്രവും സന്ദേശമായി അയച്ചുകൊടുത്തു. തുടർന്ന് സമ്മാനത്തുക ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിക്കണമെങ്കിൽ അഡ്മിനിസ്ട്രേറ്റീവ് ചാർജുകളും നികുതിയും അടയ്ക്കണമെന്ന് ആവശ്യപ്പെട്ടു. പല തവണകളായി 7,840 ഡോളർ അടക്കം ആകെ 21,688 സിംഗപ്പൂർ ഡോളറോളം ഇയാൾ കൈമാറി. പണം മുഴുവൻ നഷ്ടപ്പെടുകയും സമ്മാനത്തുക ലഭിക്കാതിരിക്കുകയും ചെയ്തപ്പോഴാണ് താൻ വഞ്ചിക്കപ്പെടുകയായിരുന്നുവെന്ന് വയോധികന് മനസ്സിലായത്.

email: chandrikakochi@gmail.com

ഒൻപതുകാരിയെ ബലാത്സംഗം ചെയ്ത പ്രതി റിമാൻഡിൽ

പന്തളം: 9 വയസ്സ് മാത്രമുള്ള പെൺകുട്ടിയെ ബലാൽസംഗം ചെയ്യുകയും തുടർന്ന് പൊലീസിന്റെ കണ്ണുവെട്ടിച്ച് ഒളിച്ചു നടക്കുകയും ചെയ്തിരുന്ന പ്രതി പിടിയിലായി. കൊടുമൺ ബഥനി കോൺവെന്റിന് സമീപം കല്ലുവിളയിൽ ജോസഫ് (42) ആണ് പന്തളം സർക്കിൾ ഇൻസ്പെക്ടർ സി ബാബു കുറുപ്പിന്റെ നേതൃത്വത്തിലുള്ള പൊലീസ് സംഘത്തിന്റെ പിടിയിലായത്.

ജോസഫ്

2024 ഏപ്രിലിലാണ് ഇയാൾ പെൺകുട്ടിയെ അതിക്രൂരമായി ബലാത്സംഗത്തിനിരയാക്കിയത്. തുടർന്ന് പലയിടങ്ങളിലായി മാറിമാറി താമസിച്ചുവരികയായിരുന്നു ഇയാൾ. പീഡന വിവരം കുട്ടി ബന്ധുക്കളോട് പറഞ്ഞതിനെ തുടർന്നാണ് കൊടുമൺ പൊലീസ് കേസെടുത്തത്. പന്തളം സി ഐ യുടെ നേതൃത്വത്തിൽ എ എസ് ഐ ഷൈൻ, സീനിയർ സിവിൽ പോലീസ് ഓഫീസർ സുരേഷ് കുമാർ, കൊടുമൺ എസ് ഐ ഷിജു പി സാം, എ എസ് ഐ പ്രശാന്ത് എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. പത്തനംതിട്ട അഡീഷണൽ ജില്ലാ & സെഷൻസ്കോടതിയിൽ ഹാജരാക്കിയ ഇയാളെ റിമാൻഡ് ചെയ്തു.

എസ്.എം.എഫ് ഗോൾഡൻ ജൂബിലി: സന്ദേശ യാത്ര ഡിസംബർ 9 മുതൽ

കോഴിക്കോട്: നേർവഴിയുടെ നാൾവഴി എന്ന പ്രമേയത്തിൽ സമസ്ത കേരള സുന്നി മഹല്ല് ഫെഡറേഷന്റെ ഗോൾഡൻ ജൂബിലിയുടെ ജനുവരെ എട്ട് മുതൽ 10 വരെ കോഴിക്കോട് ശംസുൽ ഉലമാ നഗറിൽ നടക്കുന്ന സമാപന സമ്മേളനത്തിന്റെ പ്രചരണവുമായി സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങൾ നയിക്കുന്ന സന്ദേശ യാത്ര ഡിസംബർ 9 മുതൽ 16 വരെയായി തിരുവനന്തപുരത്ത് നിന്ന് കാസർകോടേക്ക് നടക്കും. യാത്രയുടെ ഉപനായകർ ഡോ. ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വി, യു. മുഹമ്മദ് ഷാഫി ഹാജിയും ഡയറക്ടർ അബ്ദുസ്സമദ് പൂക്കോട്ടൂരും അസി. ഡയറക്ടർമാർ ഓണമ്പിള്ളി മുഹമ്മദ് ഫൈസി, അബൂബക്കർ ഫൈസി മലയമ്മയും കോ ഓഡിനേറ്റർ നാസർ ഫൈസി കൂടത്തായിയും അസി. കോഓഡിനേറ്റർമാർ സി.ടി. അബ്ദുൽ ഖാദിർ, സലീം എടക്കരയും സ്ഥിരാംഗങ്ങൾ സെക്രട്ടറിയേറ്റ് അംഗങ്ങളും തെരഞ്ഞെടുക്കപ്പെട്ട പ്രഭാഷകരും സംഘാടകരുമാണ്.

യാത്രാ റൂട്ടും ചുമതലകളും. ഡിസം: 9 വൈകു 4 മണി തിരുവനന്തപുരം ഭീമാപ്പള്ളി (ചെയർമാൻ: തോന്നക്കൽ ജമാൽ, കൺ: ജസീം മാഹാണി, കോ ഓഡി.ഹസ്സൻ ആലങ്കോട്), ഡിസം. 10 രാവിലെ 10 മണിക്ക് കൊല്ലം പള്ളിമുക്ക് (ചെയർ. ദമീൻ മുട്ടേക്കാവ്, കൺ. നസീർ കരമേൽ, കോഓഡി. അബ്ദുസമദ് മാസ്റ്റർ), വൈകു. 7 മണി ആലപ്പുഴ (ചെയർ. ഇബ്രാഹിം കുട്ടി ഇജാബ, കൺ. നാസർ മാമൂലയിൽ,കോ ഓഡി. ത്വാഹ പുറക്കാട്), ഡിസം. 11 വൈകു. 3 മണി കോട്ടയം ചങ്ങനാശ്ശേരി (ചെയർ. ഷരീഫ് കുട്ടി ഹാജി, കൺ. മഅമൂൻ ഹുദവി കോട്ടയം, കോ ഓഡി.ടി.പി. ഷാജഹാൻ), വൈകു. 7 മണി പത്തനംതിട്ട ടൗൺ സ്ക്വയർ ചെയർ. ശംസുദ്ധീൻ റാവുത്തർ, കൺ. സിറാജ് വെള്ളാപ്പള്ളി, കോ ഓഡി. തൻസീർ റഹ്മാൻ).

ഡിസം 12 ശനി രാവിലെ 10 മണി ഇടുക്കി തൊടുപുഴ (ചെയർ. എസ്.എം ഷരീഫ് മാസ്റ്റർ, കൺ. ഹനീഫ് കാഷിഫി, കോ ഓഡി. അബ്ദുറഹിമാൻ സഅദി), വൈകു. 7 മണി എറണാഗുളം പെരുമ്പാവൂർ (ചെയർ. യൂസുഫ് ഹാജി കളമശ്ശേരി, കൺ. പി.എ അബ്ദുൽ കരീം, കോ ഓഡി.ഹസ്സനാർ മൗലവി), ഡിസം 13 ഞായർ രാവിലെ 10 തൃശൂർ എം.ഐ.സി (ചെയർ. എ.വി അബൂബക്കർ ഖാസിമി, കൺ. അബ്ദുൽ കരീം ഫൈസി, കോ. ഓഡി.എൻ. പി കുഞ്ഞിക്കോയ തങ്ങൾ) വൈകു. 7 മണി പാലക്കാട് കൊപ്പം (ചെയർമാൻ കുഞ്ഞിമുഹമ്മദ് മുസ്‌ല്യാർ നെല്ലായ, കൺ. മുസ്തഫ മാസ്റ്റർ കൊപ്പം , കോഓ. റഹീംഷാ നെന്മാറ)

ഡിസം 14 തിങ്കൾ രാവിലെ 10 മണി മലപ്പുറം വെസ്റ്റ് ചെമ്മാട് (ചെയർ. സി.എച്ച് ത്വയ്യിബ് ഫൈസി, കൺ. കാസിം ഫൈസി പോത്തന്നൂർ, കോ ഓഡി. ഹംസ ഹാജി മൂന്നിയൂർ) വൈകു. 7 മണി മലപ്പുറം ഈസ്റ്റ് മഞ്ചേരി (ചെയർ. കെ.എ. റഹ്മാൻ ഫൈസി, കൺ. സലിം എടക്കര, കോ ഓഡി. സി. എം. കുട്ടി സഖാഫി) ഡിസം. 15 ചൊവ്വ രാവിലെ 10 മണി നീലഗിരി ഗൂഡല്ലൂർ (ചെയർ. ബാപ്പു ഹാജി, കൺ. മുഹമ്മദലി ബാഖവി, കോ ഓഡി. ഹനീഫ ഫൈസി) വൈകു. 3 മണി വയനാട് പനമരം (ചെയ. പി.സി. ഇബ്രാഹിം ഹാജി, കൺ. അഷ്റഫ് ഫൈസി, കോ ഓഡി കെ.എം. അലി) വൈകു. 7 മണി കോഴിക്കോട് നാദാപുരം (ചെയർ. സയ്യിദ് തുറാബ് തങ്ങൾ, കൺ. അഷ്റഫ് കെറ്റാല, കോ. ഓഡി. ചേലക്കാട് കുഞ്ഞമ്മദ് മാസ്റ്റർ).

ഡിസം 16 ബുധൻ രാവിലെ 10 മണി കണ്ണൂർ ടൗൺ (ചെയർ. അബ്ദുറഹിമാൻ കല്ലായി, കൺ. മഹ്മൂദ് അള്ളാകുളം, കോഓഡി. ഇബ്രാഹിം മാസ്റ്റർ) വൈകു 7 മണി (സമാപനം) കാസർഗോഡ് (ചെയർ. എ. അബ്ദുറഹിമാൻ, കൺ. എ. ഹമീദ് ഹാജി കാഞ്ഞങ്ങാട്, കോഓഡി. ബഷീർ വെള്ളിക്കോത്ത്) സ്വാഗത സംഘം യോഗത്തിൽ ഡോ. ബഹാഉദ്ധീൻ നദ്‌വി അധ്യക്ഷത വഹിച്ചു. സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്തു. യു. മുഹമ്മദ് ഷാഫി ഹാജി, അബ്ദുറഹിമാൻ കല്ലായി, ഡോ. സി.കെ. കുഞ്ഞി തങ്ങൾ, അബ്ദുസ്സമദ് പൂക്കോട്ടൂർ, നാസർ ഫൈസി കൂടത്തായി, സി.ടി.അബ്ദുൽ ഖാദിർ, ആർ. വി കുട്ടി ഹസ്സൻ ദാരിമി, പി.സി. ഇബ്രാഹിം ഹാജി, ബദറുദ്ധീൻ അഞ്ചൽ, മലയമ്മ അബൂബക്കർ ഫൈസി, ബഷീർ കല്ലേപ്പാടം,എ.കെ. ആലിപ്പറമ്പ് പ്രസംഗിച്ചു.

ഓസ്ട്രേലിയൻ എം.പിയുടെ കാലുകൾ മുറിച്ചുമാറ്റി

സിഡ്നി: കാർ ഉപയോഗിച്ച് നടത്തിയ ആക്രമണത്തിൽ ഗുരുതരമായി പരിക്കേറ്റ ഓസ്ട്രേലിയൻ സ്വതന്ത്ര പാർലമെന്റ് അംഗം ഹെലൻ ഹെയ്ൻസിന്റെ ഇരു കാലുകളും മുറിച്ചുമാറ്റിയതായി ഭർത്താവ് ഫിൽ ഹെയ്ൻസ് അറിയിച്ചു. മെൽബണിലെ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ഹെലന്റെ മാനസികാരോഗ്യവും ആരോഗ്യസ്ഥിതിയും തൃപ്തികരമാണെന്ന് അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. ‘ അവൾ ജീവനോടെയിരിക്കുന്നു എന്നതാണ് ഏറ്റവും വലിയ ആശ്വാസം. ഹെലൻ ഒരു പോരാളിയാണ്. ഈ പ്രതിസന്ധിയെ അതിജീവിച്ച് അവൾ തിരിച്ചെത്തും’- ഫിൽ കൂട്ടിച്ചേർത്തു.

തിങ്കളാഴ്ച ഉച്ചക്കുശേഷം വിക്ടോറിയയിലെ വാങ്കററ്റയിലുള്ള ഹെലന്റെ ഓഫീസിന് മുന്നിലായിരുന്നു സംഭവം. പാർക്ക് ചെയ്തിരുന്ന സ്വന്തം കാറിന്റെ പിൻഭാഗത്ത് നിൽക്കുകയായിരുന്ന ഹെലനെ, 43കാരനായ ബ്രെൻഡൻ ന്യൂജെന്റ് ടൊയോട്ട ലാൻഡ് ക്രൂയിസർ വാഹനം ഉപയോഗിച്ച് മനഃപൂർവം ഇടിച്ചുവീഴ്ത്തുകയായിരുന്നുവെന്ന് പൊലീസ് പറഞ്ഞു. ഇടിയുടെ ആഘാതത്തിൽ തെറിച്ചുവീണ അവരെ വാഹനം റിവേഴ്സ് എടുത്ത് വീണ്ടും ഇടിച്ചതായി ദൃക്സാക്ഷികൾ വെളിപ്പെടുത്തി. സംഭവം നടന്നയുടൻ പ്രദേശത്തുണ്ടായിരുന്നവർ പ്രതിയെ പിടികൂടി പൊലീസിന് കൈമാറിയിരുന്നു.

യു.എസ് കോൺഗ്രസ് സ്ഥാനാർഥിയെ കസ്റ്റഡിയിലെടുത്ത് ഇസ്രാഈൽ

വെസ്റ്റ്ബാങ്കിൽ ഫലസ്തീനികൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് ഒലിവ് വിളപ്പെടുപ്പിൽ പങ്കെടുക്കാനെത്തിയ അമേരിക്കൻ കോൺഗ്രസ് സ്ഥാനാർഥി ബ്രാഡ് ലാൻഡറിൽനിന്ന് പാസ്പോർട്ട് പിടിച്ചുവാങ്ങുന്ന ഇസ്രാഈൽ സൈനികൻ

ബെത്‌ലഹേം: അധിനിവിഷ്ട വെസ്റ്റ് ബാങ്കിൽ ഫലസ്തീൻ കർഷകർക്കൊപ്പം ഒലിവ് വിളവെടുപ്പിൽ പങ്കെടുത്ത അമേരിക്കൻ കോൺഗ്രസ് സ്ഥാനാർഥിയെയും അന്താരാഷ്ട്ര മനുഷ്യാവകാശ പ്രവർത്തകരെയും ഇസ്രാഈൽ സൈന്യം കസ്റ്റഡിയിലെടുത്തു. ഡെമോക്രാറ്റിക് പാർട്ടി സ്ഥാനാർഥിയും ന്യൂയോർക്ക് സിറ്റി മുൻ കംപ്ട്രോളറുമായ ബ്രാഡ് ലാൻഡർ ആണ് കസ്റ്റഡിയിലായത്. ഇദ്ദേഹത്തോടൊപ്പം ഒട്ടേറെ വിദേശ മനുഷ്യാവകാശ പ്രവർത്തകരെയും ഇസ്രാഈലി ആക്ടിവിസ്റ്റുകളെയും ഇസ്രാഈൽ സൈന്യം തടഞ്ഞുവെച്ചതായി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

ബുധനാഴ്ച രാവിലെ ബെത്‌ലഹേമിന് പടിഞ്ഞാറുള്ള ഹുസാനിലും നഹാലിനു സമീപവുമുള്ള ഒലിവ് തോട്ടങ്ങളിലാണ് ഇസ്രാഈൽ സൈനികർ ഭീകരാന്തരീക്ഷം സൃഷ്ടിച്ചത്. ന്യൂയോർക്ക് ആസ്ഥാനമായി പ്രവർത്തിക്കുന്ന ട്രൂവ: ദി റബ്ബിനിക് കോൾ ഫോർ ഹ്യൂമൻ റൈറ്റ്സ് എന്ന ജൂത മതസംഘടനയുടെ നേതൃത്വത്തിൽ എത്തിയ സംഘത്തിൽ 45 വിദേശ പ്രവർത്തകരും 25 ഇസ്രാഈലി ആക്ടിവിസ്റ്റുകളും ഉൾപ്പെട്ടിരുന്നു. അന്താരാഷ്ട്ര നിയമപ്രകാരം ഇസ്രാഈൽ അധിനിവേശം കുറ്റകൃത്യമാണെന്നും ഒലിവ് വിളവെടുക്കുന്നത് ഒരു നിയമപ്രകാരവും കുറ്റമല്ലെന്നും ബ്രാഡ് ലാൻഡർ പറഞ്ഞു.

ഒലിവ് വിളവെടുപ്പ് പുരോഗമിക്കുന്നതിനിടെ സ്ഥലത്തെത്തിയ ഇസ്രാഈലി സൈന്യവും പൊലീസും പ്രദേശം 24 മണിക്കൂർ നേരത്തേക്ക് അടച്ചു. പ്രവർത്തകർ അവിടെനിന്ന് മാറാൻ തയ്യാറായെങ്കിലും അധികൃതർ എല്ലാവരെയും തടഞ്ഞുവെക്കുകയും തിരിച്ചറിയൽ രേഖകൾ പരിശോധിക്കുകയും ചിത്രങ്ങൾ പകർത്തിയ ശേഷം വാഹനങ്ങളിൽ അജ്ഞാത കേന്ദ്രത്തിലേക്ക് മാറ്റുകയുമായിരുന്നുവെന്ന് സംഘടന ഭാരവാഹികൾ വ്യക്തമാക്കി. വെസ്റ്റ് ബാങ്കിലെ ഫലസ്തീൻ കർഷകർക്ക് നേരെ ഇസ്രാഈലി കുടിയേറ്റക്കാരും സൈന്യവും നടത്തുന്ന ആക്രമണങ്ങൾ ഒലിവ് വിളവെടുപ്പ് കാലത്ത് രൂക്ഷമാകാറുണ്ട്. കർഷകർക്ക് സംരക്ഷണം നൽകാനും പിന്തുണ പ്രഖ്യാപിക്കാനുമാണ് അന്താരാഷ്ട്ര സംഘടനകളുടെ നേതൃത്വത്തിൽ മനുഷ്യാവകാശ പ്രവർത്തകർ ഒലിവ് തോട്ടങ്ങളിൽ എത്താറുള്ളത്. അമേരിക്കൻ പൗരന്മാർ ഉൾപ്പെടെയുള്ള ജനപ്രതിനിധികളെയും പ്രവർത്തകരെയും കസ്റ്റഡിയിലെടുത്ത സംഭവത്തിൽ ഇസ്രാഈൽ ഇതുവരെ പ്രതികരിച്ചിട്ടില്ല.

വെസ്റ്റ്ബാങ്കിൽ ഫലസ്തീനികൾക്കുനേരെ ഇസ്രാഈൽ സേനയും ജൂത കുടിയേറ്റക്കാരും ആക്രമണം ശക്തമാക്കിയിരിക്കുകയാണ്.

യുക്രെയ്ൻ യുദ്ധം: മഞ്ഞുരുകുന്നു

സെന്റ് പീറ്റേഴ്സ്ബർഗ്: നാലര വർഷത്തിലേറെയായി തുടരുന്ന യുക്രെയ്ൻ യുദ്ധത്തിന് അന്ത്യം കുറിക്കാനുള്ള നയതന്ത്ര നീക്കങ്ങളുടെ ഭാഗമായി, യു.എസ്. പ്രത്യേക ദൂതൻ സ്റ്റീവ് വിറ്റ്കോഫ് റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനുമായി സെന്റ് പീറ്റേഴ്സ്ബർഗിൽ കൂടിക്കാഴ്ച നടത്തി. റഷ്യൻ പ്രസിഡന്റുമായി വിറ്റ്കോഫ് നടത്തുന്ന ഒമ്പതാമത്തെ നേരിട്ടുള്ള കൂടിക്കാഴ്ചയാണിത്. യുക്രെയ്ൻ, യു.എസ്, റഷ്യ ത്രികക്ഷി ചർച്ചകൾ പുനരാരംഭിക്കണമെന്നും സമാധാന കരാറിലേക്കുള്ള അടുത്ത ഘട്ടങ്ങളെക്കുറിച്ച് സാങ്കേതിക ടീമുകൾക്ക് ചർച്ച നടത്താൻ ഇത് അവസരമൊരുക്കുമെന്നും വിറ്റ്കോഫ് കൂടിക്കാഴ്ചയുടെ തുടക്കത്തിൽ വ്യക്തമാക്കി.

അമേരിക്കയുടെയും ട്രംപിന്റെയും സമാധാന ശ്രമങ്ങൾക്ക് പുടിൻ നന്ദി അറിയിക്കുകയും ചെയ്തു. റഷ്യയിൽ തടവിലായിരുന്ന റിട്ടയേർഡ് യു.എസ്. സ്കൂൾ അധ്യാപകൻ സ്റ്റീഫൻ ഹബ്ബാർഡിനെ മോചിപ്പിച്ചുകൊണ്ട് റഷ്യ ഒരു ശുഭ സൂചനയും നൽകി. കൂടാതെ, ഇറാനുമായുള്ള ദശകങ്ങൾ പഴക്കമുള്ള ബന്ധം ഉപയോഗപ്പെടുത്തി യു.എസിന്റെ ആണവ ആശങ്കകൾ പരിഹരിക്കാൻ സഹായിക്കാമെന്നും പുടിൻ വാഗ്ദാനം ചെയ്തു. അമേരിക്കയിലെ കർഷകരെ സഹായിക്കുന്നതിനായി വലിയ തോതിൽ വളം നൽകാനും സന്നദ്ധത അറിയിച്ച പുടിൻ, അടുത്ത മാസം ചൈനയിൽ പ്രസിഡന്റ് ഡൊണാൾഡ് ട്രംപുമായും ഷി ജിൻപിങ്ങുമായും നടക്കാൻ സാധ്യതയുള്ള കൂടിക്കാഴ്ചയെക്കുറിച്ചും ചർച്ച ചെയ്തു.

റഷ്യൻ സന്ദർശനത്തിന് തലേദിവസം നോർവേയിൽ യുക്രെയ്ൻ പ്രസിഡന്റ് വൊളോഡിമിർ സെലെൻസ്കിയുമായും നോർവേ, ഫിൻലൻഡ് പ്രധാനമന്ത്രിമാർ, യൂറോപ്യൻ യൂണിയൻ, നാറ്റോ പ്രതിനിധികൾ എന്നിവരുമായും വിറ്റ്കോഫ് കൂടിക്കാഴ്ച നടത്തിയിരുന്നു. ഒസ്ലോ ചർച്ചകൾ വളരെ ഫലപ്രദമായിരുന്നുവെന്നും യുദ്ധം അവസാനിപ്പിക്കുന്ന കാര്യത്തിൽ വലിയ മുന്നേറ്റങ്ങളാണ് ഉണ്ടായതെന്നും വിറ്റ്കോഫ് പുടിനെ ധരിപ്പിച്ചു.

ചന്ദ്രിക
Disclaimer: ഈ പത്രത്തിൽ പ്രസിദ്ധീകരിച്ച ഏതെങ്കിലും പരസ്യങ്ങളോടു പ്രതികരിക്കും മുമ്പ് അതിന്റെ സത്യാവസ്ഥയെ കുറിച്ച് പരിശോധിക്കുകയും ആവശ്യമായ അന്വേഷണങ്ങൾ നടത്തി സ്വയം തൃപ്തരാകുകയും വേണമെന്ന് വായനക്കാരോട് അഭ്യർത്ഥിക്കുന്നു. ഈ പത്രത്തിന്റെ ഉടമസ്ഥരായ ദി മുസ്‌ലിം പ്രിന്റിങ് ആന്റ് പബ്ലിഷിങ് കമ്പനി ലിമിറ്റഡ് ഏതെങ്കിലും പരസ്യത്തിന്റെയോ പരസ്യക്കാരന്റെയോ ഏതെങ്കിലും പരസ്യക്കാരന്റെ ഉൽപന്നങ്ങളുടെയോ/സേവനത്തിന്റെയോ ആധികാരികതയെ സംബന്ധിച്ച് ഉറപ്പു നൽകുന്നില്ല. ഈ ദിനപത്രത്തിലെ പരസ്യങ്ങളുമായി ബന്ധപ്പെട്ട് ഏതെങ്കിലും വിധത്തിലുള്ള അവകാശ വാദങ്ങൾക്കോ നഷ്ടങ്ങൾക്കോ ഒരു കാരണത്താലും ഈ ദിനപത്രത്തിന്റെ/ കമ്പനിയുടെ ഉടമസ്ഥർ, പ്രസാധകർ, പ്രിന്റർ, പത്രാധിപർ, ഡയറക്ടർമാർ, തൊഴിലാളികൾ ഉത്തരവാദികളോ/ ബാധ്യസ്ഥരോ ആയിരിക്കുന്നതല്ല.

ആറന്മുളയിൽ 4.13 കോടിയുടെ 16 പദ്ധതികൾക്ക് ഭരണാനുമതി: അബിൻ വർക്കി

പത്തനംതിട്ട: ആറന്മുള എംഎൽഎയായി ചുമതലയേറ്റെടുത്ത ശേഷം നാല് മാസത്തിനുള്ളിൽ 16 പദ്ധതികൾക്കായി 4 കോടി 13 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചതായി അബിൻവർക്കികോടിയാട്ട് എംഎൽഎ.വാർത്താസമ്മേളനത്തിൽ അറിയിച്ചു. ചെന്നീർക്കര മെഴുവേലി പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ 18,20,000 രൂപയും ഉൾപ്പെടുന്നു. റോഡുകൾക്ക് പുറമെ 68 ഹൈമാസ്, മിനിമാസ് ലൈറ്റുകൾക്കും ജില്ലാ സ്റ്റേഡിയത്തിന്റെ കവാട നിർമ്മാണത്തിനായി 92 ലക്ഷം രൂപയും, ജനറൽ ആശുപത്രിയുടെ കവാട നിർമ്മാണത്തിന് 35.65 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

കേരള സർക്കാരിന്റെ 2026-2027 ലെ ബജറ്റിൽ 15 പദ്ധതികൾക്കായി തുക അനുവദിച്ചിട്ടുണ്ട്. ആറന്മുള കണ്ണാടി എക്സിബിഷൻ ട്രെയിനിംഗ് സെന്റർ, പത്തനംതിട്ട മിനി സിവിൽ സ്റ്റേഷൻ ഒന്നാം ഘട്ടം, പ്രക്കാനം ഇൻഡോർ സ്റ്റേഡിയം, റോഡ് പദ്ധതികൾ എന്നിവക്കായി 25 കോടി രൂപ അടങ്കൽ തുക വകയിരുത്തിയിരിക്കുന്നത്.

പാലിയേറ്റീവ് കെയർ ആംബുലൻസ്, ബഡ്സ് സ്കൂൾ ബസ് തുടങ്ങി 74 ലക്ഷംരൂപയുടെ 9പദ്ധതികൾക്ക് ഭരണാനുമതി ലഭിക്കുന്നതിനായി ജില്ലാ കളക്ടർ മുഖേന ധനകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്.ശബരിമല റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണംകര വലഞ്ചുഴി നാച്ചിറ വേലിക്കടവ് റോഡ്, മുട്ടത്തുകോണം മലമുറ്റം റോഡ്, എന്നിവക്കായി10കോടി രൂപ അനുവദിച്ചു.പുല്ലാട് കരീലമുക്ക് റോഡിന് 5 കോടി രൂപ അനുവദിക്കുമെന്ന് അധികൃതർ ഉറപ്പ് നൽകിയിട്ടുണ്ട്.പത്തനംതിട്ട ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷൻ റൂട്ടിൽ യാത്രാക്ലേശം രൂക്ഷമായുള്ള അതിരാവിലെയും, രാത്രി വൈകിയും യാത്രാ സൗകര്യം ഒരുക്കുന്നതിനായി പ്രിയദർശിനി ബസ് സർവ്വീസും, വർഷങ്ങളായി സർവ്വീസ് നിലച്ചിരുന്ന കോട്ടയം ചെമ്പകപ്പാറ ഫാസ്റ്റ് പാസഞ്ചർ ബസ് സർവീസും പുനരാരംഭിച്ചിട്ടുണ്ട്.പത്തനംതിട്ട കോളേജ് ഓഫ് നേഴ്സിംഗിന് സ്വന്തമായി സ്ഥലവും, കെട്ടിടവും വാങ്ങുന്നതിനായി 7.37 കോടി രൂപ അനുവദിക്കുകയും , മെഴുവേലി ഗ്രാമപഞ്ചായത്തിൽ ആധുനിക സ്റ്റേഡിയം നിർമ്മാണത്തിന് 2 കോടി രൂപ മുതൽ മുടക്കിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. എക്സൈസ് വകുപ്പ് ലഹരി വിമുക്ത പദ്ധതിയുടെ ഭാഗമായി റിലാക്സ് കേന്ദ്രം കുളനടയിലും, ഓപ്പൺ ജിംതോട്ടപ്പുഴശേരി ഗ്രാമപഞ്ചായത്തിലും അനുവദിച്ചിട്ടുണ്ട്.ഇലന്തൂർ ഗവ: കോളേജ് ഉദ്ഘാടനം കഴിഞ്ഞങ്കിലും സ്വന്തമായി കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. സ്ഥലം ഏറ്റെടുത്തെങ്കിലും ,പ്രവേശിക്കുന്നതിനായി വഴിയില്ലാത്തതായിരുന്നു നേരിട്ട പ്രശ്നം. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി റോജി.എം.ജോണിന്റെ നേതൃത്വത്തിൽ നടന്ന ചർച്ചയിൽ രണ്ട് ടെൻഡർ നടത്തി കെട്ടിട നിർമ്മാണം ആരംഭിക്കാൻ തീരുമാനിച്ചു. വഴിയുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണെന്നും അബിൻ വർക്കി എംഎൽഎ വ്യക്തമാക്കി.

ശബരിമല തീർത്ഥാടനം ആരംഭിക്കാനിരിക്കെ പത്തനംതിട്ട കെ.എസ്.ആർ.ടി.സി ബസ് ടർമിനലുമായി ബന്ധപ്പെട്ട് നിരന്തര ഇടപെടലാണ് നടത്തിയത്. വിഷയം ഗതാഗത മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തിയതിനെ തുടർന്ന് കഴിഞ്ഞ ട്രാൻസ്പോർട്ട് മാനേജ്മെന്റ് കമ്മിറ്റി യോഗത്തിൽ കെ.എസ്.ആർ.ടി.സി സിഎംഡി പങ്കെടുത്തിരുന്നു. കെട്ടിട നമ്പർ ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ വേഗത്തിൽ മുന്നോട്ട് നീങ്ങുകയാണെന്നും, ഗ്യാരേജ് ഉൾപ്പടെയുള്ളവയുടെ നിർമ്മാണത്തിന് ആവശ്യമായ തുക ലഭ്യമാക്കുമെന്നും എംഎൽഎ അറിയിച്ചു.

യുഡിഎഫ് സർക്കാർ അധികാരത്തിലെത്തിയ ശേഷം പൊതുമരാമത്ത് മന്ത്രി പി.കെ. ബഷീറിന്റെ അദ്ധ്യക്ഷതയിൽ അബാൻ മേൽപാല നിർമ്മാണവുമായി ബന്ധപ്പെട്ട് മൂന്ന് യോഗങ്ങളാണ് ചേർന്നത്. മന്ത്രി നൽകിയ കർശന നിർദ്ദേശത്തെ തുടർന്ന് യുദ്ധകാല അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുകയാണ്.എഞ്ചിനീയർമാരുടെ ഭാഗത്ത് നിന്ന് മെല്ലപ്പോക്ക് സമീപനം ഉണ്ടായപ്പോൾ വകുപ്പ് തലത്തിൽ തന്നെ ഇടപെടൽ നടത്തി. പത്തനംതിട്ട നഗരത്തിന്റെ ശാപമാണ് ഈ പദ്ധതി. ഭൂമി ഏറ്റെടുക്കലുമായി ബദ്ധപ്പെട്ട് സന്നദ്ധത അറിയിച്ചവർക്ക് തുക ഉടൻ വിതരണം ചെയ്യുമെന്നും, അവശേഷിക്കുന്നവരുമായി ചർച്ച പുരോഗമിക്കുകയാണെന്നും എം.എൽ. എ അറിയിച്ചു.

ബി എസ്സി നഴ്സിങ് പരീക്ഷയിൽ രണ്ടാം റാങ്ക് നേടിയ സ്വാലിഹാ സാജുദീന് മുസ്‌ലിം ലീഗ് പത്തനംതിട്ട ജില്ലാ വൈസ് പ്രസിഡണ്ട് അസീസ് ചുങ്കപ്പാറ ഉപഹാരം നൽകുന്നു

റാങ്ക് ജേതാവിനെ ഉപഹാരം നൽകി ആദരിച്ചു

ചുങ്കപ്പാറ: കേരള ആരോഗ്യ ശാസ്ത്ര സർവകലാശാലയുടെ ബി എസ്സി നഴ്സിങ് പരീക്ഷയിൽ രണ്ടാം റാങ്ക് നേടിയ സ്വാലിഹാ സാജുദീൻ തോണിയാംകുഴിയെ ചുങ്കപ്പാറ മുസ്‌ലിം ലീഗ് മേഖലാ കമ്മിറ്റി ഉപഹാരം നൽകി ആദരിച്ചു.

ജില്ലാ വൈസ് പ്രസിഡണ്ട് അസീസ് ചുങ്കപ്പാറ, മേഖല പ്രസിഡന്റ് അഷറഫ് മൗലവി, മണ്ഡലം സെക്രട്ടറി ഹുസൈനാർ റാവുത്തർ, വനിത ലീഗ് ജില്ല ജനറൽ സെക്രട്ടറി അൻസിയ അമ്പാട്ടുകുന്നേൽ, മേഖലാ സെക്രട്ടറി അഷ്റഫ് കൊല്ലംപറമ്പിൽ, ഷാഹുൽ ഹമീദ്, അൻസാരി വഞ്ചിക പാറ, നാസർ പള്ളിത്തടം, സബീന കിഴക്കയിൽ എന്നിവർ പങ്കെടുത്തു.

കേരള സംസ്ഥാന ഭാഗ്യക്കുറി STHREE SAKTHI SS-542 DRAW RESULT 20/10/2026

ഒന്നാം സമ്മാനം ₹ 1 കോടി SH 627145 (മലപ്പുറം)

സമാശ്വാസ സമ്മാനം ₹ 5000: SA 627145 SB 627145 SC 627145 SD 627145 SE 627145 SF 627145 SG 627145 SJ 627145 SK 627145 SL 627145 SM 627145

രണ്ടാം സമ്മാനം ₹30 ലക്ഷം SB 731937 (പട്ടാമ്പി)

മൂന്നാം സമ്മാനം ₹5 ലക്ഷം SA 599662 (കാസർകോഡ്)

താഴെ കാണുന്ന നമ്പരുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്

നാലാം സമ്മാനം ₹5000: 0082 0508 1280 1702 2089 2560 3084 3337 3353 4999 5740 6101 6112 6817 7072 7693 8514 8617 9796

അഞ്ചാം സമ്മാനം ₹2000: 0408 0512 0928 3566 4763 9497

ആറാം സമ്മാനം ₹1000: 0086 0165 0679 1117 1287 1741 1796 1972 2622 2945 4864 4915 5281 5417 5584 6637 6732 6803 7247 7349 8303 8724 9308 9542 9673

ഏഴാം സമ്മാനം ₹500: 0023 0337 0529 0923 1177 1284 1295 1577 1716 1814 1841 1896 2050 2310 2837 2928 3033 3162 3213 3215 3625 3638 3655 3888 4275 4395 4408 4417 4508 4522 4589 4592 4651 4666 4793 4889 5019 5021 5605 5777 5888 5965 5977 6176 6246 6328 6374 6762 6839 6876 7040 7168 7181 7395 7603 7744 7959 8013 8144 8197 8412 8552 8729 8793 8870 8940 9009 9172 9259 9287 9466 9552 9698 9732 9886 9985

എട്ടാം സമ്മാനം ₹200: 0021 0084 0210 0419 0591 0704 0723 0731 0830 0911 1083 1514 1578 1613 1742 1783 1784 1932 2130 2254 2348 2359 2411 2474 2508 2660 2768 3026 3176 3226 3329 3614 3824 3936 3971 3985 4007 4200 4264 4368 4380 4527 4681 4689 4699 4757 4843 4848 4887 4966 5044 5132 5327 5496 5499 5621 6149 6217 6542 6546 6607 6658 6670 6672 6694 7054 7238 7243 7559 7783 7829 7850 7857 7888 8021 8177 8277 8406 8534 8629 8709 8951 8998 9078 9095 9300 9301 9302 9598 9795

ഒൻപതാം സമ്മാനം ₹100: 0049 0057 0136 0195 0288 0307 0308 0458 0465 0515 0624 0698 0721 0832 0873 0912 1005 1013 1047 1057 1100 1103 1258 1289 1307 1364 1386 1414 1472 1615 1735 1773 1791 1839 1844 2039 2072 2159 2258 2360 2445 2489 2539 2562 2567 2613 2649 2795 2804 2865 3056 3190 3209 3393 3615 3701 3761 3858 3947 3959 4002 4034 4051 4069 4105 4113 4124 4260 4347 4467 4487 4492 4575 4690 4692 4740 4806 4853 4867 4931 4957 4969 4983 5114 5296 5423 5501 5593 5784 5797 5910 6035 6146 6157 6178 6190 6331 6391 6468 6498 6506 6653 6714 6845 6848 6868 6964 6983 7014 7075 7156 7263 7274 7278 7304 7325 7428 7748 7793 7794 7902 8087 8205 8249 8295 8298 8381 8480 8521 8546 8599 8714 8770 8787 8821 8885 8903 9067 9158 9180 9242 9250 9534 9588 9706 9750 9814 9861 9958 9973

സജിത വി.എസ്
ഡെ. ഡയറക്ടർ

നറുക്കെടുപ്പ് ഫലം വിശദമായറിയാൻ www.statelottery.kerala.gov.in

21.10.2026 ന് മഹാനവമി പ്രമാണിച്ച് പത്രം അവധിയായതിനാൽ 20.10.2026ന്റെ ലോട്ടറി നറുക്കെടുപ്പ് ഫലം ഇന്നത്തെ പത്രത്തോടൊപ്പം പ്രസിദ്ധീകരിക്കുന്നു

കേരള സംസ്ഥാന ഭാഗ്യക്കുറി DHANALEKSHMI DL-74 DRAW RESULT 21.10.2026

ഒന്നാം സമ്മാനം ₹ 1 കോടി DP 663990 (ചിറ്റൂർ)

സമാശ്വാസ സമ്മാനം ₹ 5000: DN 663990 DO 663990 DR 663990 DS 663990 DT 663990 DU 663990 DV 663990 DW 663990 DX 663990 DY 663990 DZ 663990

രണ്ടാം സമ്മാനം ₹30 ലക്ഷം DW 235543 (കൊല്ലം)

മൂന്നാം സമ്മാനം ₹5 ലക്ഷം DO 879725 (താമരശ്ശേരി)

താഴെ കാണുന്ന നമ്പരുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്

നാലാം സമ്മാനം ₹5000: 0164 0623 0937 2427 2614 2946 3296 3785 4669 4757 5162 5180 6001 6046 6627 6912 8203 8933 9106

അഞ്ചാം സമ്മാനം ₹2000: 4322 5860 7483 7817 8826 9006

ആറാം സമ്മാനം ₹1000: 0226 0709 0722 0751 0798 1581 2458 3097 3901 4119 4255 4563 4738 5257 5371 6667 6835 7208 7808 8400 8526 8949 9224 9652 9989

ഏഴാം സമ്മാനം ₹500: 0208 0277 0278 0384 0475 0699 0743 0821 0871 0890 0921 1142 1279 1326 1342 1533 1599 1845 1900 1941 2195 2336 2727 2793 2839 3024 3041 3191 3433 3451 3499 3537 3611 3959 3960 4207 4247 4351 4395 4654 4727 4840 5039 5147 5366 5406 5420 5646 5729 5863 6136 6144 6229 6264 6308 6372 6606 6637 6679 6904 6914 7353 7359 7448 7560 7624 7747 7848 8013 8093 8129 8154 8431 8912 9499 9689

എട്ടാം സമ്മാനം ₹200: 0010 0032 0036 0160 0365 0476 0604 0617 0702 1020 1072 1252 1302 1423 1719 1798 1867 1897 2141 2245 2269 2309 2321 2361 2387 2449 2507 2535 2719 2733 2737 2780 2812 2820 3006 3169 3397 3430 3431 3456 3534 3612 3728 3963 4198 4332 4461 4681 4711 4733 4828 4887 4943 5009 5045 5291 5305 5515 5550 5645 5716 5913 5984 6013 6170 6277 6410 6579 6611 6823 6832 6857 7207 7215 7251 7423 7580 7626 7700 7861 7914 8128 8148 8175 8238 8303 8609 8790 9058 9068 9088 9136 9375 9661 9849 9956

ഒൻപതാം സമ്മാനം ₹100: 0111 0134 0142 0170 0173 0210 0335 0358 0396 0478 0556 0707 0802 0812 0826 0836 0839 1121 1131 1324 1404 1456 1528 1631 1655 1675 1924 2017 2065 2192 2202 2382 2388 2422 2484 2573 2579 2585 2746 2767 2810 2883 2894 2998 3194 3226 3423 3436 3455 3481 3502 3510 3515 3576 3688 3762 3947 4006 4163 4196 4300 4355 4410 4443 4474 4480 4489 4544 4551 4687 4701 4741 4770 4772 4782 4957 5008 5047 5307 5365 5409 5429 5523 5655 5686 5702 5712 5870 6006 6009 6025 6208 6243 6272 6334 6400 6443 6515 6586 6887 6932 6961 7020 7037 7267 7300 7356 7365 7401 7602 7647 7696 7718 7722 7815 7856 7904 7938 8009 8173 8176 8292 8395 8698 8808 8923 8947 8971 9112 9202 9360 9379 9407 9413 9545 9611 9654 9825

സാജു കുമാർ പി
ഡെ. ഡയറക്ടർ

നറുക്കെടുപ്പ് ഫലം വിശദമായറിയാൻ www.statelottery.kerala.gov.in

ECO HOTELS®

ഇക്കോ ഹോട്ടൽസ് ആൻഡ് റിസോർട്സ് ലിമിറ്റഡ്
കോർപ്പറേറ്റ് ഐഡന്റിഫിക്കേഷൻ നമ്പർ: L55101KL1987PLC089987
രജിസ്ട്രേഡ് ഓഫീസ്: 67/6446, ബേസിൻ റോഡ്, കൊച്ചി, എറണാകുളം
ഹൈക്കോടതിക്ക് സമീപം, എറണാകുളം 682031, കേരള, ഇന്ത്യ.
കോർപ്പറേറ്റ് ഓഫീസ്: ബ്ലോക്ക് നമ്പർ 4, രണ്ടാം നില, രാജ് മഹൽ ബിൽഡിംഗ്, വീർ നരിമാൻ റോഡ്, ചർച്ച്ഗേറ്റ്, മുംബൈ, മഹാരാഷ്ട്ര, ഇന്ത്യ; 400020, ഫോൺ: +91 22 44550546
ബന്ധപ്പെടേണ്ട വ്യക്തി: ശ്രീ. ഹീന സുപാഡിയ, കമ്പനി സെക്രട്ടറി & കംപ്ലയിൻസ് ഓഫീസർ
ഇമെയിൽ: **investor.relations@ecohotels.in**; വെബ്സൈറ്റ്: **www.ecohotels.in**

ഭാഗികമായി പണം അടച്ച റൈറ്റ് ഇഷ്യൂ ഇക്വിറ്റി ഷെയറുകൾ കണ്ടുകെട്ടുന്നതിനുള്ള അറിയിപ്പ്

2026 ഒക്ടോബർ 20ന് പ്രസിദ്ധീകരിച്ച അറിയിപ്പിൽ ഒരു സാങ്കേതിക പിഴവ് സംഭവിച്ചിട്ടുള്ളതിനാൽ, അതിൽ പരാമർശിച്ചിരിക്കുന്ന ഷെയറുകളുടെ എണ്ണം പരിഗണിക്കേണ്ടതില്ലെന്ന് ഓഹരിയുടമകളെ അറിയിക്കുന്നു. 2026 ഒക്ടോബർ 13ന് ബോർഡ് ഓഫ് ഡയറക്ടേഴ്സ് അംഗീകരിച്ചതനുസരിച്ച്, കണ്ടുകെട്ടുന്ന ഷെയറുകളുടെ ശരിയായ എണ്ണം 16,31,580 ആണ് (ഇവ ഓരോന്നിനും 10 രൂപ മുഖവിലയുള്ള, ഭാഗികമായി പണം അടച്ച 'റൈറ്റ് ഇഷ്യൂ' ഇക്വിറ്റി ഷെയറുകളാണ്). അറിയിപ്പിലെ മറ്റ് വിവരങ്ങളെല്ലാം അതേപടി തുടരുന്നു. ഇതുമൂലമുണ്ടായ അസൗകര്യത്തിൽ കമ്പനി ഖേദം പ്രകടിപ്പിക്കുന്നു.

സ്ഥലം: എറണാകുളം
തീയതി: 21.10.2026

ഇക്കോ ഹോട്ടൽസ് ആൻഡ് റിസോർട്ട്സ്‌ലിമിറ്റഡിനുവേണ്ടി
(ഒപ്പ്), വിനോദ് കുമാർ ത്രിപാഠി, എക്സിക്യൂട്ടീവ് ചെയർമാൻ
DIN: 00798632

ഡിപ്ലോമ ഇൻ കൗൺസിലിംഗ്
ഡിപ്ലോമ ഇൻ ഡിസെബിലിറ്റി [LD]
ഡിപ്ലോമ ഇൻ HA / GDA
ഡിപ്ലോമ ഇൻ മോണ്ടിസോറി
ഡിപ്ലോമ ഇൻ അക്യുപങ്ചർ
ഡിപ്ലോമ ഇൻ ഡയറ്റീഷ്യൻ
ഡിപ്ലോമ ഇൻ ചൈൽഡ് സൈക്കോളജി
ഡിപ്ലോമ ഇൻ ഡിജിറ്റൽ മാർക്കറ്റിംഗ്
ലീഡർഷിപ്പ് ട്രെയിനിംഗ്
ബിസിനസ് ട്രെയിനിംഗ്
കോർപ്പറേറ്റ് ട്രെയിനിംഗ്

K M NASSAR
CORPORATE TRAINER & MOTIVATION SPEAKER
(WORLD BOOK OF RECORD HOLDER)

KSF CAMPUS LLP
1st Floor, Manavalan Building,
Near Lissie Metro Station,
Kaloor, Ernakulam. 682018

KOCHI- CHENNAI- BANGALORE- DUBAI

CONTACT:- 0484355470
9947438565 - 9562978462 - 8547536629
www.Keralaspeechfoundation.com

ചന്ദ്രിക
ക്ലാസിഫൈഡ്സ്

Change of Name

I, MINI GEORGE, holder of Passport No. A3912410, Residing at Parayil, Kodikkulam, Idukki, Kerala- 685582 do hereby change my name to **MINI MATHEW**

LOST

I, Alan Jayan, hereby declare that I have lost my original Skill India NEST Advanced Certificate in Industrial Fire and Safety Management 2020-2021 Certificates on or around 15-10-2026 at Thodupuzha. Student ID: CAN-15740373. Certificate No.: 3536. If found, kindly contact me at the mobile number given below.

Alan Jayan
Nedumpurath House
Parathodu P.O
Parathodu Idukki, Kerala
Mobile No.:7025227041

Change of Name

I, SHINU SHEFEEK, HOLDER OF PASSPORT No. G 9410444, ISSUED ON 16/07/2008, RESIDING AT MALIYAM VEEDAN, RAYONPURAM (P O), PERUMBAVOOR, ERNAKULAM DISTRICT, PIN. 683543, DO HERE BY CHANGE MY NAME AS "**SHINU KUNJUMOHAMMED MAMBRAYIL**"

TEACHER REQUIRED

Eligible candidates for permanent appointment to the post of **HSST Zoology** in Vaduthala Jama-ath Higher Secondary School should apply within 15 days to

The Manager,
Vadutala Jama-ath HSS
Naduvat Nagar Post
Alappuzha- 68 85 26
Email:
vaduthalakkpj@gmail.com

Change of Name

I, RESHMA SINU, W/o SINUMON VAZHAKKAL NARAYANAN, KOLLAMOLEL HOUSE, KADACKANAD P O, KOLENCHERY, 682311, Holder of Indian Passport No. P9127807, hereby change my name to “**RESHMA MOHAN KOLLAMOLEL**”, as per Aadhaar Card, PAN Card and SSLC Book.

അറിയിപ്പ്

പറവൂർ ജോയിന്റ് റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസർ പരസ്യപ്പെടുത്തുന്നത്

KL08AC 1289 നമ്പർ വാഹനത്തിന്റെ ഉടമ എം.ഡി. ജോസഫ് ടി വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടുപോയി എന്ന് കാണിച്ച് ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് അപേക്ഷിച്ചിട്ടുണ്ട്. ടി വാഹനത്തിന്റെ ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും എന്തെങ്കിലും പരാതിയുണ്ടെങ്കിൽ ഈ പരസ്യ തീയതി മുതൽ 15 ദിവസത്തിനകം രേഖാമൂലം ഈ ഓഫീസിൽ അറിയിച്ചിരിക്കേണ്ടതാണ്.നിശ്ചിത തീയതി കഴിഞ്ഞ് ലഭിക്കുന്ന പരാതികൾ സ്വീകരിക്കുന്നതല്ല.

ജോയിന്റ് റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസർ
നോർത്ത് പറവൂർ